# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7460** — **17-07-2012 ൽ മറുപടിയ്ക്ക്**

## കൊല്ലം ജില്ലയിൽ നെല്ല് സംഭരണം

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ അവസാന വർഷം കൊല്ലം ജില്ലയിൽ നിന്നും എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും, അതിലേയ്ക്കായി ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (എ) മുൻ സർക്കാരിന്റെ അവസാന വർഷം (2010-11) കൊല്ലം ജില്ലയിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ചിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൊല്ലം ജില്ലയിൽ നിന്നും നാളിതുവരെ എത്ര ടൺ നെല്ല് സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; മുൻകാലങ്ങളെ അപേക്ഷിച്ച് സംഭരണ ച്ചുമതലയിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ നിന്ന് നാളിതുവരെ 782.168 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. സപ്ലൈകോയുമായി കരാറിലേർപ്പെട്ടിരിക്കുന്ന മില്ലുകൾക്കാണ് സംഭരണ ച്ചുമതല. കൃഷിവകുപ്പിൽ നിന്നും സപ്ലൈകോയിലേയ്ക്ക് നിയമിച്ചിട്ടുള്ള ഒരു കൃഷി ഓഫീസറുടെ മേൽനോട്ടത്തിലും കൃഷി അസിസ്റ്റന്റുമാരുടെ സഹായത്തോടെയുമാണ് നെല്ല് സംഭരണം നടപ്പിലാക്കുന്നത്.<br>2012 ഫെബ്രുവരി മാസത്തിലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 31/2012/ കൃഷി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിക്കുന്നതിനുള്ള ഉത്തരവായതോടെയാണ് കൊല്ലം ജില്ലയിലും നെല്ല് സംഭരിച്ചു തുടങ്ങിയത്. |

| | | | |
|---|---|---|---|
| (സി) | നെല്ല് സംഭരിക്കുന്നതിന് ഏറെ കാലതാമസം വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടിയെന്ത്; | (സി) | കാലതാമസം ഉണ്ടാകാതെ തന്നെ സപ്ലൈകോ കർഷകരിൽ നിന്നും ഗുണനിലവാരത്തിനനുസൃതമായ നെല്ല് സംഭരിച്ച് വരുന്നു. |
| (ഡി) | ജില്ലയിൽ നെല്ല് സംഭരണം നടത്തിയ വകയിൽ ഇനി എത്ര രൂപാ കൃഷിക്കാർക്ക് നൽകുവാനുണ്ട്; പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഡി) | കൊല്ലം ജില്ലയിൽ നെല്ല് സംഭരണം നടത്തിയ വകയിൽ 1,17,32,520/- രൂപ കൃഷിക്കാർക്ക് നൽകുവാനുണ്ട്. സബ്സിഡി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ